# രാഗങ്ങളെ അടുത്തറിയാൻ വിദ്യയുടെ പുസ്തകങ്ങൾ

ചെന്നൈ • രാഗങ്ങൾ ചാലിച്ച് അമ്മയും അച്ഛനും ചേർന്നെഴുതിയ വരികൾ മകൾ ചേരുംപടി ചേർത്തെടുത്തപ്പോൾ പിറന്നത് കർണാടക സംഗീതത്തിലെ മണിമുത്തുകളായ രാഗങ്ങളെ അടുത്തറിയാനുള്ള അമൂല്യഗ്രന്ഥം.



വിദ്യ ഭവാനിയും മകൾ ഹർഷിതയും

ശാസ്ത്രീയ സംഗീതവും നൃത്തവും സാധാരണക്കാരിലേക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ പുസ്തകങ്ങളിറക്കുന്ന സ്കന്ദ പബ്ലിക്കേഷൻസിന്റെ സാരഥികളിലൊരാളും മലയാളിയുമായി വിദ്യ ഭവാനിയാണ് 'മേളകർത്താസ്; ദ് ജെംസ് ഓഫ് കർണാട്ടിക് മ്യൂസിക്' എന്ന പുസ്തകത്തിനു പിന്നിൽ. ഭർത്താവ് ബി.എ.സുരേഷിന്റെ പിന്തുണയോടെ പൂർത്തിയാക്കിയ 43-ാം പുസ്തകമാണിത്. പക്ഷേ, മുൻപു പുറത്തിറക്കിയ പുസ്തകങ്ങളിൽ നിന്നു വ്യത്യസ്തമായി ഇത്തവണ മകളും നർത്തകിയുമായ ഹർഷിതയാണു പൂർണമായും പുസ്തകം എഡിറ്റ് ചെയ്തത്.

ഒന്നര വർഷം നീണ്ട പഠനത്തിനും ഗവേഷണത്തിനും ശേഷം തയാറാക്കിയ പുസ്തകത്തിൽ മേളകർത്താ രാഗത്തിന്റെ 36 വ്യത്യസ്ത രീതികളെക്കുറിച്ചു ലളിതമായി അനുവേകഥകൾക്കൂടി ചേർത്താണു വിദ്യ പ്രതിപാദിക്കുന്നത്.

മലപ്പുറം പെരിന്തൽമണ്ണ സ്വദേശിയാണു ബി.എ.സുരേഷ്. വിദ്യ ഭവാനിയുടെ ജന്മദേശം പാലക്കാട് കൽപാത്തി. പാട്ടും നൃത്തവുമൊക്കെ ചെറുപ്പം മുതൽ കൂടെയുണ്ടെങ്കിലും രണ്ടുപേരും ആദ്യം വ്യത്യസ്ത ജോലികളിലായിരുന്നു.

പക്ഷേ, കലയുടെ വശ്യത ഇരുവരെയും ഒരേ ലക്ഷ്യത്തിലേക്കെത്തിച്ചു. ഇരുവരുടെയും ആശയങ്ങൾ ചേർന്ന് സ്കന്ദ പബ്ലിക്കേഷൻ എന്ന പ്രസ്ഥാനം രൂപമെടുത്തു.

ശാസ്ത്രീയ കലാരൂപങ്ങളിലെ സങ്കീർണമായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുന്ന വിദ്യയുടെ കഴിവാണ് ഓരോ പുസ്തകത്തെയും ഏറെ വ്യത്യസ്തമാക്കുന്നത്. അതേ ശൈലി ഇത്തവണയും തുടരുന്നു.

ഫോക്‌ലോറിൽ നേടിയ ബിരുദാനന്തര ബിരുദവും കേന്ദ്ര സർക്കാരിന്റെ ഫെല്ലോഷിപ്പോടെ നടത്തിയ ഗവേഷണവും വിദ്യയുടെ എഴുത്തിനു കൂടുതൽ തെളിച്ചം നൽകി.

ഭരതനാട്യത്തെക്കുറിച്ചുള്ള പൂർണ വിവരണമായിരുന്നു ആദ്യത്തെ പുസ്തകം. പിന്നീടങ്ങോട്ട് നൃത്ത, സംഗീത മേഖലകളിലെ വിവിധ സങ്കീർണമായ വിഷയങ്ങൾ ലളിതമായ ഭാഷയിലുള്ള പുസ്തകങ്ങളായി പുറത്തിറങ്ങി. ആ ശാഖയിലെ 43-ാം തളിരിലയാണു പുതിയ പുസ്തകം. കൂടുതൽ വിവരങ്ങൾക്ക്: 9500042296.